

# ഓസ്റ്റിയോപൊറോസിസും വെർട്ടെബ്രൽ കംപ്രഷൻ ഫ്രാക്ചറുകളും

## എന്താണ് ഓസ്റ്റിയോപൊറോസിസ്?

ഓസ്റ്റിയോപൊറോസിസ് എന്നത് വാർദ്ധക്യത്തിലെത്തുമ്പോൾ ഉണ്ടാകുന്ന ഒരു അസ്ഥി രോഗമാണ്, ഇത് എല്ലുകളുടെ സാന്ദ്രതയും പിണ്ഡവും കുറയ്ക്കുകയും അസ്ഥികൾ ദുർബലമാവുകയും ഒടിവുകൾ ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഓസ്റ്റിയോപൊറോസിസ് മൂലമുണ്ടാകുന്ന ഒടിവുകൾ മിക്കപ്പോഴും നട്ടെല്ലിലാണ് സംഭവിക്കുന്നത്, അവയെ വെർട്ടെബ്രൽ കംപ്രഷൻ ഫ്രാക്ചറുകൾ (VCF) എന്ന് വിളിക്കുന്നു.




## നിങ്ങൾക്കറിയാമോ?

| | |
|---|---|
| **25%-50%** | 50 വയസ്സിനു മുകളിലുള്ള വ്യക്തികൾക്ക് VCF ബാധിക്കുന്നു |
| **നിശബ്ദ രോഗം** | VCF ന്റെ മിക്ക കേസുകളും 'നിശബ്ദമാണ്'. എളുപ്പത്തിൽ രോഗനിർണ്ണയം സാധ്യമല്ല എന്നർത്ഥം |
| **മറ്റൊരു ഫ്രാക്ചർ ഉണ്ടാകാനുള്ള 5X സാധ്യത** | നിലവിൽ VCF ഉള്ള വ്യക്തികൾക്ക് ഭാവിയിൽ മറ്റൊന്ന് ഉണ്ടാകാനുള്ള സാധ്യത 5 മടങ്ങ് കൂടുതലാണ് |

### VCF ന്റെ അടയാളങ്ങളും ലക്ഷണങ്ങളും



പുറകിൽ വേദന



ചലനം / പൊസിഷൻ മാറുന്നതിനനുസരിച്ച് വേദന രൂക്ഷമാകുന്നു



വിശ്രമിക്കുമ്പോൾ/ കിടക്കുമ്പോൾ ശമിക്കുന്ന വേദന



ചുമ, തുമ്മൽ എന്നിവയ്ക്കൊപ്പം വേദന തീവ്രമാക്കുന്നു

## VCF മായി ബന്ധപ്പെട്ട വേദനയുടെ ചികിത്സയിൽ ഒരു പെയിൻ ഫിസിഷ്യന് നിങ്ങളെ എങ്ങനെ സഹായിക്കാനാകും?

**മരുന്നുകളും അതിനൊപ്പം** മിനിമലി ഇൻവേസീവ് പെയിൻ ആൻഡ് സ്പൈൻ ഇന്റർവെൻഷനും (MIPSI) ഉൾപ്പെടുന്ന അനുയോജ്യമായ ചികിത്സാ പദ്ധതികളും ഉപയോഗിച്ച് ഒരു പെയിൻ ഫിസിഷ്യൻ VCF മായി ബന്ധപ്പെട്ട വേദനയ്ക്ക് വ്യക്തിഗതമാക്കിയ പരിഹാരം വാഗ്ദാനം ചെയ്യും



**മരുന്നുകൾ**

നോൺ–സ്റ്റിറോയിഡൽ ആന്റി ഇൻഫ്ലമേറ്ററി മരുന്നുകൾ അല്ലെങ്കിൽ മറ്റ് ശക്തമായ പ്രിസ്ക്രിപ്ഷൻ വേദനസംഹാരികൾ



**മിനിമലി ഇൻവേസീവ് പെയിൻ ആൻഡ് സ്പൈൻ ഇന്റർവെൻഷൻ (MIPSI)**

- വെർട്ടെബ്രോപ്ലാസ്റ്റി
- ബലൂൺ കൈഫോപ്ലാസ്റ്റി
- വെർട്ടെബ്രൽ ബോഡി സ്റ്റെന്റിംഗ്
- വെസ്സൽപ്ലാസ്റ്റി
- വി–സ്ട്രട്ട്
- ഓസ്സോഫിക്സ്



**വെർട്ടെബ്രൽ ഫ്രാക്ചർ നിമിത്തം നിങ്ങളുടെ പുറം ഭാഗത്ത് വിട്ടുമാറാത്ത വേദന അനുഭവപ്പെടുന്നു എങ്കിൽ ഒരു പെയിൻ ഫിസിഷ്യനെ കാണുക**




Issued in Public Interest by

Program sponsored by
Mylan Pharmaceuticals Pvt. Ltd.
A Viatris Company
VIATRIS